ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിൽ എഴുതുന്ന പരമ്പര:

## "പഴമയും പുതുമയും"

ശുദ്ധവായുവും ശുദ്ധജലവും ശുദ്ധരായ ജനങ്ങളും താമസിച്ചിരുന്ന ഒരു കാലഘട്ടം ഉൺടായിരുന്നു. അതിനു മുമ്പും കേരളം എല്ലാവരും ഒന്നുപോലെ കഴിഞ്ഞ്, എള്ളോളം പൊളിവചനമില്ലാത്ത നാടായിരുന്നു.ആ സമൃദ്ധിയും സൗഹൃദവും കുറഞ്ഞെങ്കിലും കുറച്ചു നാൾ മുമ്പുവരെ കേരളം നന്മയുടെ ലാളിത്യത്തിന്റെ ഭൂമിയായിരുന്നു.ഇപ്പോൾ സാങ്കേതിക ജ്ഞാനം വർദ്ധിച്ചപ്പോൾ പഴയ തലമുറ കൺടു് ആസ്വദിച്ച നന്മകൾ നഷ്ടപ്പെട്ടു. എഴുത്തുകാരി ആ കാലത്തേക്കു തിരിഞ്ഞു നോക്കുന്നു.

ഇ മലയാളി പത്രാധിപ സമിതി.

-

## പഴമയും പുതുമയും

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്.

### പതിയാൻ - തുണി അലക്കുകാരൻ

കാലത്തിന്റെ കുത്തൊഴുക്കിൽ ഗ്രാമങ്ങൾ, ഗ്രാമീണാചാരങ്ങൾ, വസ്ത്രധാരണ രീതികൾ, കുടുംബബന്ധങ്ങൾ വരെയും മാറി മറിഞ്ഞിരിക്കുന്നു. എന്റെ ബാല്യകാലങ്ങളിൽ ഓരോരുത്തർക്കും ഉള്ള വിരലിലെണ്ണാവുന്ന തുണികൾ മുറ്റത്തെ കിണറ്റിനരികിലെ കല്ലിൽ ഉലച്ചും, തോട്ടിലോ ആറ്റിലോ കഴുകിയും വെയിലത്തുണങ്ങിയുമാണ് ഉയോഗിച്ചിരുന്നത്. വിശേഷദിവസങ്ങളിലുപയോഗിക്കേ വസ്ത്രങ്ങൾ കഴുകി തേച്ച് പെട്ടിയിൽ സൂക്ഷിച്ചു വയ്ക്കും. കൂടുതൽ അഴുക്കുള്ള തുണികളും വീട്ടിൽ കഴുകിയാൽ വെളുക്കാത്ത വസ്ത്രങ്ങളുമാണ് പതിയാനെ – അലക്കുകാരനെ  എല്പിക്കുന്നത്. വസ്ത്രങ്ങൾ അലക്കി തേച്ച് ഒരു വലിയ കെട്ടുമായി ഭവ്യതയോടെ പതിയാൻ വീട്ടുമുറ്റത്തു വന്നു നിൽക്കുമ്പോൾ ഒരു മു ിന് ഒരണ, അല്ലെങ്കിൽ പത്തു പൈസ നിരക്കിൽ കൂലി കൊടുത്തിരുന്ന കാലം ഇന്ന് ഓർക്കുവാൻ കൂടി പ്രയാസം. 'ഓ പതിയാൻ വന്നേ' വായിൽ ഒരു കൈ പൊത്തി ഓച്ഛാനിച്ചു നിൽക്കുന്ന രാമൻകുട്ടി എന്ന അരോഗദൃഢഗാത്രനും സുന്ദരനുമായ യുവാവിനെ ഞാൻ ദൂരത്തുനിന്ന് നോക്കിക്ക ു ചിന്തിച്ചിരുന്നത്, ഈ മനുഷൻ ഇത്ര കഷ്ടം പിടിച്ച പണി ചെയ്യുന്നല്ലോ എന്നാണ്. രാമൻകുട്ടിയുടെ കുടുംബത്തൊഴിലായിരുന്നു തുണി അലക്ക്. കാരവും ഓലമടൽ ചാരവും ഒക്കെ ചേർത്ത് തുണികൾ ആവിയിൽ പുഴുങ്ങി, തോട്ടിൽ അലക്കി, കഞ്ഞിപ്പശയിൽ മുക്കി വെയലത്തുണക്കി, ചിരട്ടക്കരിക്കനലിട്ട ഇരുമ്പു തേപ്പുപെട്ടികൊ ു തേച്ച് വെള്ളത്തുണിയിൽ അടുക്കിക്കെട്ടിക്കൊ ു വന്നിരുന്ന തുണികളുടെ തെളിമയും, വടിവും, മിനുപ്പും അത്യന്തം സന്തുഷ്ടി നൽകിയിരുന്നു. കാലം

നീങ്ങിയപ്പോൾ തുണികളുടെ ഘടനയും ഇഴയുംമാറി, എണ്ണം കൂടി, അലക്കുകാർ നാട്ടിൻപുറങ്ങളിൽ നിന്നും അപ്രത്യക്ഷമായി . അലക്കുകാരുടെ യൂണിയനായി. അലക്കു കൂലി കുത്തനെ ഉയർന്നു. ഡ്രൈക്ലീനിംഗ് കടകൾ പട്ടണങ്ങളിൽ ഉയർന്നു. വിവിധ ഇനം തുണികൾ, സാരികൾ, പാന്റ്സ് , നൈലോൺ, നൈലക്സ്, വിവിധയിനം സിൽക്കുകൾ തുടങ്ങി വലിയ ആയാസമില്ലാതെ കഴുകിയെടുക്കാവുന്ന തുണിയിനങ്ങൾ ഒക്കെ കാണുമ്പോൾ എന്റെ ചെറുപ്പകാലത്ത് കേട്ടുകേഴ്‌വി പോലുമില്ലാതിരുന്നതെല്ലാം ഓർത്തുപോകയാണ്. പുതിയ ഇനം തുണികൾ വെള്ളത്തിൽ അലക്കാൻ സാധിക്കാത്തവ ഡ്രൈക്ലീൻ ചെയ്തേ പറ്റുകയുള്ളു. ഇന്ന് വില ഒരു പ്രശ്നമായി ആരും കരുതാറില്ല. ഇന്നു സാധാരണക്കാർ പോലും വാഷിംഗ് മെഷീനുകളിലാണ് വസ്ത്രം അലക്ക്. അലക്കി ഉണക്കിയിട്ട് ഇലക്ട്രിക്ക് തേച്ചുപെട്ടി ഇന്ന് മിക്ക വീടുകളിലും ഉള്ളതു കൊ ് തേച്ചെടുക്കും.

മലയാളികൾ അലക്കു പണി നിറുത്തി. അലക്കുകാരുടെ യൂണിയനും അപ്രത്യക്ഷമായി. അന്യ സംസ്ഥാനക്കാർ നമ്മുടെ നാട്ടിൽ വന്ന് ആ സ്ഥാനം കയ്യടക്കി. തുണി കഴുകിക്കൊടുത്താൽ തേച്ചു കിട്ടുവാനുള്ള പെട്ടിക്കടകളും കടകളും സുലഭം. സുഖസൗകര്യങ്ങളും പണത്തിന്റെ സുലഭതയും കേരളത്തിന്റെ പഴയ മുഖച്ഛായ മാറ്റി മറിക്കുന്നു. എന്റെ ബാല്യത്തിൽ സ്ക്കൂൾ തുറക്കുമ്പോൾ വീട്ടിലെ ആൺകുട്ടികൾക്കു നിക്കറും ഉടുപ്പും, പെൺകുട്ടികൾക്കു പാവാടയും ബ്ലൗസും ഒക്കെ തയ്പ്പിക്കാൻ കുറെ തുണികൾ ഒരുമിച്ചു മുറിപ്പിച്ചെടുത്ത് തയ്യൽക്കാരന്റെ കടയിൽ തയ്പ്പിക്കുകയായിരുന്നു രീതി. തയ്യൽക്കൂലി വളരെ തുച്ഛം, തുണി വിലയും. ഇന്ന് റെഡി മെയ്ഡു വസ്ത്രങ്ങൾ വാങ്ങുകയാണു പതിവ്. കാലം മാറി, ജീവിതരീതികളും പാടെ മാറി. ഏതെല്ലാം ഫാഷനുകൾ, എത്രയെത്ര നയനാനന്ദകരമായ തുണിത്തരങ്ങൾ! കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോയ ജീവിത ചംക്രമണങ്ങൾ !

(തുടരും)